# സോപാനം

ജി. എച്ച്. എസ്. എസ് കോക്കൂർ

# ആമുഖം

അക്കാദമിക മികവിനൊപ്പം തന്നെ സർഗ്ഗാത്മകത തെളിയിക്കുവാൻ ജി.എച്ച്.എസ്.എസ്.കോക്കൂരിലെ മണിമുത്തുകൾക്ക് കഴിഞ്ഞിട്ടുണ്ടെന്നത് അഭിമാന പൂർവ്വം ഞങ്ങൾ അംഗീകരിക്കുന്നു. അതിന് പ്രസ്തുത ഉദാഹരണമാണ് സോപാനം ഇ-മാഗസിൻ. ഓരോ വിദ്യാർഥിയിലും അന്തർലീനമായ അഭിരുചികളും ഐ.റ്റി മേഖലയിലെ നവ വിജ്ഞാനവും കോർത്ത് ഇണക്കിയതാണ് സോപാനം. ഈ ദൗത്യം പൂർത്തിയാക്കുന്നതിന് സജീവ സാന്നിധ്യം വഹിച്ച ഓരോ ലിറ്റിൽ കൈറ്റ്സ് അംഗത്തിനും ഹൃദയപൂർവ്വം നന്ദി അറിയിക്കുന്നു

**എഡിറ്റോറിയൽ ബോർഡ്**

# മാന്യരെ,

കോക്കൂർ ഗവർമെന്റ് ഹയർ സെക്കന്ററി ഹൈസ്കൂളിൽ 2019-20 അധ്യയന വർഷത്തിൽ ലിറ്റിൽ കൈറ്റ്സ് ഒരു E-മാഗസിൻ പ്രസിദ്ധീകരിക്കുന്ന വിവരം അറിഞ്ഞതിൽ സന്തോഷമുണ്ട്.കുട്ടികളുടെ രചനാത്മകമായ കഴിവുകൾ ഹൈടെക് ഉപയോഗപ്പെടുത്തി വളർത്തിക്കൊണ്ടുവരുന്നതിൽ E മാഗസിനുള്ള പങ്ക് വളരെ പ്രശംസനീയമാണ്.കുട്ടികളിൽ വിവിധ ഭാഷകളിൽ ടൈപ്പ് ചെയ്യാനുള്ള കഴിവും ലേ ഔട്ടിനുള്ള ശേഷിയും ചിത്രങ്ങൾ ഇംപോർട്ട് എക്സ്പോർട്ട് എന്നിവ ചെയ്യുന്നതിനും ഇതു വഴി കഴിയുന്നു. കേരള സർക്കാർ ആവിഷ്കരിച്ച ഈ പദ്ധതി കുട്ടികൾക്ക് അവരുടെ IT മേഖലയിൽ വലിയ മുതൽക്കൂട്ടാകുമെന്ന് ഞാൻ പ്രതികരിക്കുന്നു.

ഭാവുകങ്ങളോടെ

**ഹെഡ്മാസ്റ്റർ**

**സക്കീർ ഹുസൈൻ**

# നിർഭയം ലോകരേ......

മുന്നോട്ടു പോക നാം മുന്നോട്ടു പോക നാം
മുന്നോട്ടു പോക നാം ലോകരേ നിർഭയം
കുന്നോ കുഴികളോ മാർഗത്തിൽ കണ്ടു
പിന്നോക്കമേതും തിരിക്കേണ്ട നാം പദം
ഇവിടെ പിറക്കുന്ന കാട്ടുപുല്ലിലുമുണ്ട്
ഭുവനം മയക്കുന്ന ചന്തവും സുഗന്ധവും
ഇവിടെ കിടക്കുന്ന കാട്ടുകല്ലിലുമുണ്ട്
വിവിധ സനാതന ചൈതന്യ പ്രതീകങ്ങൾ
ഈ ലോകം കാണുന്നേരമോക്കാനും
വന്നീടുന്നുണ്ടെങ്കിലും ദരിദ്രരെ നിഹാ
രമായി വസിക്കുന്ന ദുരിതവും കാണു
നേരം സങ്കടം ഉള്ളിലൊരുക്കവയാതെയും
മുന്നോട്ടു പോക നാം ലോകരേ! നിർഭയം

AKHILA MOHAN V.M

# മടിയനായ തൊമ്മൻ

നിലമൊരുക്കെടാ തൊമ്മാ
കലപ്പ വേണമെന്റമ്മേ
തട്ടമെട്ടക്കെടാ തൊമ്മാ
തുമ്പ വേണമെന്നമ്മേ
വെള്ളമൊഴികെടാ തൊമ്മാ
കുടം വേണമെന്റമ്മേ
കൊയ്യെട്ടക്കെടാ തൊമ്മാ
അരിവാളും വേണമെന്റമ്മേ
പതിരു പാറ്റടാ തൊമ്മാ
മുറം വേണമെന്റമ്മേ

ADAIL 5 D

# ഭൂമി എന്ന അമ്മ.

മണ്ണിൽ പിറന്നവരാകുമീ നമ്മളീ
മണ്ണിനെ പൊന്നാക്കി മാറ്റേണം.
സർവ്വം സഹായാകുമീ ഭൂമി നമ്മൾ
സ്വർലോകമാക്കി ചമക്കേണം.
പച്ചനിറമാർന്ന വൃക്ഷങ്ങൾ സൗവർണ്ണ
പുഷ്പങ്ങൾ ചൂടി ചിരി ചിരിക്കേ
ദാളങ്ങൾ മെല്ലെ ഇളകുന്ന പാൽപുഴ
പാടിതിമിർന്നങ്ങളൊഴുകാൻ
കണ്ണിൻമണിപ്പോലെ കാക്കണം നമ്മളീ
സർവ്വജനനിയാം ഭൂമിയെ
വൃക്ഷത്തലപ്പുകൾ തോറും ശലഭങ്ങൾ
പാറിപറന്നുല്ലസിക്കാൻ
പൊന്നിൻക്കുടം പോലെ നോക്കണം
നമ്മളീ
നമ്മളായ് പോറ്റുമീ ഭൂമിയെ.(2)

അഖില മോഹൻ വി.എം.
ഒൻപത്.എ.

# പൊഴിയുന്ന ഇതളുകൾ

അറിയില്ലെനിക്കിന്നു ജനനീ

എത്രനാൾ വാഴും നിൻ മാറിടത്തിൽ

വിധിയുടെ നിഷ് ക്രൂരതയെന്നെൻ

നിഴലിൽ ചതിച്ചുചേരും

അറിയില്ലെനിക്കിന്നു കരിനിഴലെ

യെന്നു നിയെൻ മുഖസ്ഥായിയായ് വരുമെന്ന്

നിശ്ചയം ഒരുന്നാൾ വന്നുഭവിക്കും നീയെന്നിൽ

ഉറ്റവരിൽ നിന്നും സന്തോഷയാമങ്ങളിൽ

കരിനിഴലായ് നിന്റെയാ

ചങ്ങലയെന്നെപ്പിടിക്കും

അകലുന്നു മറയുന്നു ആ നിമിഷം

ഓർമകളുലയുന്ന ത്രാസ്സിൽ

കിടന്നെൻയിടനെഞ്ച് പിടയുന്നു ദൈവമേ

അന്നേരം ചിന്തകളായിരമായി

കുത്തയൊഴികിയെൽപ്പോ

മാതൃത്വമൊരുവശം സഹധർമ്മിണി

തേങ്ങികരയുന്ന പിഞ്ചിളം കുഞ്ഞുങ്ങൾ

ദുഃഖകടലിൻ മദ്ധ്യേ ഞാൻ

സോപാനം

നീറിപ്പുകഞ്ഞവൻ ചൊല്ലുന്നു

മതിയായില്ലീശ്വര ജീവിച്ച

കൊതീർന്നില്ല്യ  മോഹമുള്ളിലവശേഷിപ്പോ

യാത്രയായവനങ്ങു സ്വർഗ്ഗീയതയിലേക്ക്

ശ്രീലക്ഷ്മി പി സി

ഒൻപത് ബി

# ലില്ലിപൂച്ചയും വമ്പൻ നായയും

ഒരു ചെറിയ ഗ്രാമം. ആ ഗ്രാമത്തിൽ നിറയെ നാടൻ പൂച്ചകളായിരുന്നു. അതുമാത്രമല്ല കുറച്ചു നായകളും. പൂച്ചകളിൽ ഏറ്റവും കറുകറുത്ത പൂച്ചയായിരുന്നു മിന്നു. എന്നാൽ മറ്റു പൂച്ചകൾക്കെല്ലാം മിന്നുവിനെ വെറുപ്പായിരുന്നു. അവർ മിന്നുവിനെ കരിഞ്ഞവൾ എന്നു വിളിച്ചു. ഇതൊക്കെ കേട്ടിട്ടും മിന്നു അവരെ ഒന്നും ചെയ്തില്ല. കാരണം മിന്നു നല്ല മനസ്സുള്ളവളായിരുന്നു. അവളുടെ  പ്രായത്തിലുള്ള എല്ലാ പൂച്ചകളുടെയും വിവാഹം കഴിഞ്ഞു. എന്നാൽ മിന്നുവിന്റെ മാത്രം കഴിഞ്ഞില്ല. ഒരു ദിവസം മിന്നുവിന് എവിടെ നിന്നോ മീൻ കിട്ടി. ആ മീൻ വായിൽ കടിച്ചുപിടിച്ച് വിനോദത്തിൽ  അവൾ വരുമ്പോഴാണ് ആ കാഴ്ച്ച കണ്ടത്.പൂച്ചകളിൽ ഏറ്റവും സുന്ദരനായ ആൺപൂച്ചയായ വിനു വഴിയരികിൽ വീണുകിടക്കുന്നു.അവൾ വേഗം വായിലെ മീൻ അവിടെയിട്ടിട്ട് അവന്റെ അടുത്തേക്ക്  ഓടി. ഇത് കണ്ട വിനുവിന് അവളെ ഏറെ ഇഷ്ടമായി. അവരുടെ കല്ല്യാണം കഴിഞ്ഞു. മാസങ്ങൾ കടന്നു പോയി. മിന്നു ഗർഭിണിയായി. ഇതു കേട്ട മറ്റു പൂച്ചകൾക്ക് ഒരു സംശയം, ഇവർക്ക് ജനിക്കാൻ പോവുന്ന കുഞ്ഞ് എങ്ങനെയാകും? ഇതുകേൾക്കുമ്പോൾ മിന്നു കരയും. പക്ഷെ വിനു അവളെ സമാധാനിപ്പിക്കും. അങ്ങനെ  അവർക്കൊരു കുഞ്ഞുണ്ടായി. വെളുത്ത രോമം,ചുവന്ന ചുണ്ട്, കറുത്ത വാൽ ഇതായിരുന്നു ആ കുഞ്ഞിന്റെ പ്രത്യേകത. അതൊരു പെൺകുഞ്ഞായതുകൊണ്ട് വിനു ആ കുഞ്ഞിന് ലില്ലി എന്നു പേരിട്ടു. അങ്ങനെ വർഷങ്ങൾ

കടന്നുപോയി. ലില്ലിയുടെ വിവാഹം കഴിഞ്ഞു. അവൾ മൂന്നു കുട്ടികളുടെ അമ്മയായി. അവർക്ക് അവൾ സീന മീന രീന എന്നു പേരിട്ടു. ഒരു ദിവസം ലില്ലി വീട്ടിൽ ഇല്ലാത്ത സമയം നോക്കി വമ്പൻ നായ രീനയെ കൊണ്ടു പോയി. ലില്ലി ഭക്ഷണംകൊണ്ടു വന്നപ്പോൾ രീനയെ കണ്ടില്ല. നായയുടെ കാൽപ്പാടു കണ്ട ലില്ലി ആകെ ഭയന്നു. എങ്കിലും അവൾ ആ നായുടെ കാൽപ്പാടു നോക്കി നടന്നു. ഒടുവിൽ ലില്ലി വംമ്പൻ നായയുടെ അരികിൽ എത്തി. ലില്ലിയെ കണ്ട വമ്പൻ വേഗം ഓടി.എന്നാൽ ലില്ലി അവന്റെ പിന്നാലെ ഓടി. വമ്പൻ അവിടെ കാൽതെറ്റി വീഴുകയും രീന ലില്ലിയുടെ അടുത്തേക്ക് വീഴുകയും ചെയ്തു. അപ്പോൾ തന്നെ ലില്ലി രീനയെയും കൊണ്ട് വേഗം വീട്ടിലേക്ക് പോയി.

ഫാത്തിമസന എം എസ്

5 D

# ലഹരിയാകുന്ന ആപത്ത്

ദൂരെ നിന്നു വല്ലാർമണിക്കുന്ന് എന്ന ഗ്രാമത്തെ ലക്ഷ്യമാക്കി ഒരു കാർ വരുന്നു. വണ്ടിയുടെ വരവുകണ്ടിട്ട് അങ്ങ് ദുബായീന്ന് വരുന്ന മട്ടാണ് . കാരണമെന്നാൽ വണ്ടിയുടെ മുകളിൽ അൽപ്പം സാധനങ്ങളടങ്ങുന്ന പെട്ടികൾ നാലഞ്ചെണ്ണമുണ്ട്. പോരാത്തതിന് അൽപ്പം മോഡേൺ ആയിട്ടുള്ള ഒരാളാണ് വണ്ടിയിലിരിക്കുന്നത്.

അയാൾ മുഖത്ത്നിന്നു കണ്ണാടയെടുത്തുമാറ്റി . അതെ സാധാരണ കണ്ണു കാണാത്തതിനു വയ്ക്കുന്ന കണ്ണടയല്ലക്കേട്ടോ ഈ കറപ്പുകളറായിട്ടുള്ള കൂളിങ് ഗ്ലാസ് അതാണ് ഊരിയത്.അയാൾ വണ്ടി മെല്ലെ റോഡരുകിൽ ചേർത്തിയിടാൻ ഡ്രൈവറോടു പറഞ്ഞു പുറത്തേക്കിറങ്ങി. എന്നിട്ടയാൾ അവിടത്തെ പച്ചപ്പു നിറഞ്ഞ പാടങ്ങളും മലകളും കുന്നുകളുമൊക്കെയൊന്നു നോക്കിനിന്നു.

എന്നിട്ടയാൾ ഗ്രാമത്തിന്റെ വിശുദ്ധിയിൽ ഒരു ശ്വാസമുള്ളിലേക്കെടുത്തു. എന്നിട്ടയാൾ കാറിൽ കയറിപ്പോയി.

അയാളാരെന്നാൽ വല്ലാർഗ്രാമത്തിലെ പേരുകേട്ട തറവാടാണ് പൂമങ്കലം തറവാട്. അവിടുത്തെ ശിവരാമകൃഷ്ണന്റെ ഇളയ മകൻ റാം ആണ്. അങ്ങനെ ദുബായിലെ അഞ്ചുവർഷത്തെ അദ്ധ്വാനത്തിന് ശേഷമാണ് അയാൾ നാട്ടിലെത്തിയത്. അങ്ങനെ കാർ പൂമങ്കലം തറവാടിനുമുന്നിലെത്തി. വീടിനുമുന്നിൽ കുടുംബാംഗങ്ങളെല്ലാം അണിനിരന്നിരിക്കുന്നു. തറവാട്ടുവീട്ടിൽ എല്ലാവരും ഒന്നിച്ചുതാമസിക്കുന്നതിനാൽ ഒരുപാട് അംഗങ്ങളുണ്ട്. അച്ഛൻ അമ്മ മൂന്നുമക്കൾ അതിൽ മൂത്തത് ഒരാണും രണ്ടാമത്തേത് പെണ്ണും പിന്നെ ഇളയത് റാം ആണ്. മൂത്തവൻ ശിവ. കല്യാണം കഴിഞ്ഞു. എന്നാൽ കുട്ടികളില്ല. രണ്ടാമത്തെവൾ ശ്രീജ. അവളുടെയും കല്ല്യാണം കഴിഞ്ഞു ഭർത്താവ് ചെന്നെയിൽ. അയാളുടെ കൂട്ടുകാരൻെറ കമ്പനിയിൽ ജോലിചെയ്യുന്നു. ശ്രീജയ്ക്ക് ഒരു മകളാണുള്ളത് , സ്നേഹ. സ്നേഹയാണ് കുടുംബത്തിലെ സന്തോഷവുമെല്ലാം തന്നെ. അവൾ വല്ലാർഗ്രാമത്തിലെ ഹൈസ്കൂളിൽ പത്താം ക്ലാസിൽ വിദ്യാർഥിയാണ്. സ്കൂളിൻെറ കുടുംബത്തിൻെറയും നാടിൻെറയും മിടുക്കി കുട്ടി അതാണവൾ . പിന്നെയ് കുടുംബത്തിലെ ചെറിയചഛ്നും ചെറിയമ്മയും ഉണ്ട്. അവർക്കും മക്കളുണ്ട് അവർ രണ്ടു പെൺ കുട്ടിയാണ് അവരിവരും ഭർത്താവിൻെറ വീട്ടിൽ സുഖമായി കഴിയുന്നു. പിന്നെ റാമിൻെറ ജീവിതത്തിൽ എല്ലാം തന്നെയായ അവൻെറ അമ്മ ലക്ഷ്മിയമ്മ. ഇതാണയാളുടെ കുടുംബ പശ്ചാത്തലം. റാം ജിവിതത്തിൽ ഇതുവരെയും ഒരു തെറ്റും അറിഞ്ഞു കൊണ്ടുചെയ്തിട്ടില്ല എന്നാൽ?........

അങ്ങനെ റാം കാറിൽ നിന്നിറങ്ങി കുടുംബക്കാർ അവനെവന്നു മൂടി. അഞ്ചുവർഷങ്ങൾക്കുശേഷം തൻെറ

പ്പെട്ടവരെ കാണുന്ന അയാൾക്കു കണ്ണിൽ നിന്നു കണ്ണുനീർ വന്നു. അങ്ങനെ എല്ലാവരും കുടി അകത്തേക്കു പോയി. സമയം ഉച്ചതിരിഞ്ഞു ഗൾഫിൽ നിന്നു വന്നാൽ സാധാരണവീടുകളിൽ ഉണ്ടാകുന്ന പതിവ് അവിടെയുമുണ്ടായി പെട്ടിപൊട്ടിക്കൽ. എല്ലാവരും ആകാംക്ഷയിലാണ്. തങ്ങൾക്കെന്താ തൻെറ അനിയൻ മകൻ മാമ്മൻ കൊണ്ടുവന്നത് എന്നറിയാനായി എല്ലാവർക്കും

ഓരോന്നും കൊടുത്തു ഇനിയുള്ളത് സ്നേഹക്കാണ് നൽകേണ്ടത്. എല്ലാവരും ആകാംഷയിൽ എന്താണെന്നറിയാൻ. റാം പുറത്തേക്കെടുത്തു ഒരു മൊബൈൽഫോൺ എല്ലാരും അന്തം വിട്ടു. ചിലർപറഞ്ഞു,കൊച്ചു കുട്ടിക്കാ തൻെറ ഫോൺ .സ്നേഹ മുന്നോട്ടു വന്നു പറഞ്ഞു മാമാ ഞാൻ പഠിക്കുന്ന കുട്ടിയല്ലെ എനിക്കെന്തിനാ ഫോൺ? ഇതിൽ പല വഴിതെറ്റുന്ന കാര്യങ്ങളുമുണ്ടാകുമെന്നും ഇതു കേട്ട റാം നിനക്കു ബുദ്ധിയുണ്ട്. അതിനാൽ നിനക്കിത് സുരക്ഷിത പൂർവ്വം ഉപയോഗിക്കാം അറിയും പിന്നെയാരു മൊന്നു പറഞ്ഞില്ല.

ദിവസങ്ങൾ കടന്നു പോയിക്കൊണ്ടിരുന്നു.

ആദ്യമൊന്നും സ്നേഹ ഉപയോഗിച്ചിരുന്നില്ല. പിന്നെ പിന്നെ അവളതു നോക്കാൻ തുടങ്ങി. ക്ലാസിലെ തൻെറ കൂട്ടുകാരോടവൾ പറഞ്ഞു തൻെറ മാമൻ വരുമ്പോൾ തനിക്കു ഫോൺ കൊണ്ടുവന്നുമെന്നും ഇതറിഞ്ഞ കൂട്ടുകാർ അവളെ അതു ഉപയോഗിക്കുന്നതു കൊണ്ട് ഒരു പ്രശ്നമില്ലെന്നും അതിനായിവളെ പ്രേരിപ്പിക്കുകയും ചെയ്തു. അവളവരുടെ വാക്കുകളിൽ മെല്ലെ മെല്ലെ വീണുപോയി തുടങ്ങിയിരുന്നു.

ആദ്യമൊക്കെ അവളതിൽ കൂട്ടുകാർക്കും വിളിച്ചു തുടങ്ങി പിന്നെയത് വാട്ട്സപ്പ് ഫേയ്സ്ബുക്ക് എന്നിവയെല്ലാം

മറ്റു പലതിലേക്കുമെത്തിച്ചു. തുടർന്ന് അവളുടെ സ്വഭാവത്തെയും സ്വാധീനിച്ചു. അവളവരോടും മിണ്ടാതായി തുടങ്ങി ദിവസത്തിൽ പകുതിമുക്കാലും ഫോണിലായി അത് അവളുടെ പഠിപ്പിനെയും ബാധിച്ചു തുടങ്ങി വീട്ടിൽ അവളുടെ സംസാരങ്ങളോ, ചിരിയൊ ഒന്നും തന്നെയില്ല. പതിയെ വീട്ടുകാർക്കും ഇതെല്ലാം മനസ്സിലാകാൻ തുടങ്ങി. എഴുതുന്ന പരീക്ഷകളിലെല്ലാം അവൾ പിന്നോട്ടു പോകാൻ തുടങ്ങി

നാടിൻെറ അഭിമാനമാകുന്ന കുട്ടി ഇന്ന് എന്തിലോ ചെന്ന്

പെട്ടിരിക്കുന്നു. ഒടുവിൽ റാമിനും മനസ്സിലായി താൻ തെറ്റ് ചെയ്തുവോയെന്ന സംശയം .അവൻ അവളെ വിളിച്ചു സംസാരിച്ചു എന്നാൽ അവളറിയാതെ ചില കള്ളത്തരങ്ങൾ അവളിൽ വളർന്നിരുന്നു അവൾ അയാളോടു തനിക്കു ഫോൺ ഇപ്പോ തിരിച്ചു തരാനും സമ്മതമാണെന്നുള്ള കള്ളം

പറഞ്ഞു. അവൾക്കറിയാം അങ്ങനെ പറഞ്ഞാൽ മാമൻ ഫോൺ വാങ്ങില്ലെന്ന്.

പിന്നെയും ദിനങ്ങൾ  പോകുന്നു. ശ്രീജയ്ക്ക് മകളുടെ സ്വഭാവ വ്യത്യാസത്തിനുള്ള ഈ മാറ്റം വളരെ പേടിയുള്ളതും മറ്റുമായിരുന്നു. ഒടുവിൽ അവർ ഫോൺ

അവളിൽ നിന്നും ബലം പ്രയോഗിച്ച് വാങ്ങിച്ചു വച്ചു. എന്നാൽ പൂമങ്കലം തറവാട്ടിൽ ഒരു അപകടമാണുണ്ടായത്.

എല്ലാവരുടെയും ചെല്ലകുട്ടി സ്നേഹ ആത്മഹത്യ ചെയ്യാനൊരുങ്ങി. അവൾ ബ്ളൈഡ് വച്ച് കൈമുറിക്കാനൊരുങ്ങി. പക്ഷേ, അതിനു മുൻപ് എല്ലാവരും കൂടി അവളെ രക്ഷിച്ചു. എന്തിനാണ് മോള് മരിക്കാനൊരുങ്ങിയത് എന്നു ചോദിച്ചപ്പോൾ അവളൊന്നും പറഞ്ഞില്ല. എന്നാൽ തുടർച്ചയായ ചോദ്യത്തിനു മുന്നിൽ അവൾ പറഞ്ഞു താൻ തൻെറ ഫോട്ടോ ഫെയ്സ് ബുക്കിലൂടെ പരിചയപ്പെട്ട ഒരാൾക്ക് അയച്ചു കൊടുത്തെന്നും

അതയാൾ ഫെയ്സ് ബുക്കിലിടുമെന്നും. കാര്യങ്ങളറിഞ്ഞ റാം ഇത് ബുദ്ധിപൂർവ്വം എങ്ങനെ പരിഹരിക്കാമെന്നാലോചിച്ചു. ഒടുവിൽ റാം കുട്ടികളെ കള്ളത്തരത്തിലൂടെ വീഴ്ത്തുന്നവനെ അങ്ങനെ തന്നെ വീഴ്ത്താമെന്നു തീരുമാനിച്ചു ഒടുവിൽ അയാൾ പുതിയൊരു ഫോൺ വാങ്ങി ഫേയ്സ് ബുക്കിൽ ഫെയ്ക്ക് ആയി ഒരു പെണ്ണിൻെറ അക്കൗണ്ട് എടുത്തു എന്നിട്ടയാളെ ഫോളോ

ചെയ്ത് ഫ്രണ്ട് ആക്കി മാറ്റി .തുടർന്ന് സംഭാഷണങ്ങളിലൂടെ അയാളിൽ പ്രീതിയുണ്ടാക്കി. തുടർന്ന് അയാളെ ഒറ്റയ്ക്ക് കാണണമെന്നാവശ്യപ്പെട്ടു. വിജനമായ ഒരു സ്ഥലത്തേക്കുവിളിച്ചു വരുത്തി. മൂന്നാം ദിവസം പുറം ലോകം കണ്ടത് സർക്കാർ ആശുപത്രിൽ ജീവശവമായി കിടക്കുന്ന ആളെയാണ്.

## കടങ്കഥ.

1.അങ്ങെ നായക്ക് മുമ്പോട്ട് വാല്.

ഉ.ചിരവ

2.മുക്കിലിരിക്കുന്ന സുന്ദരിപ്പെണ്ണിന്റെ മൂക്കതിരിച്ചാൽ പാട്ടു കേൾക്കാം.

ഉ.റേഡിയോ.

3.കറുത്ത പാറക്ക് വെളുത്ത വേര്.

ഉ.ആന.

4.വെളുത്ത ആൾക്ക് കറുത്തതലക്കെട്ട്.

ഉ.തീപ്പെട്ടി.

5.കണ്ണോളം വെള്ളമുണ്ട് മുങ്ങികുളിക്കാൻ വെള്ളമില്ല.

ഉ.തേങ്ങവെള്ളം

6.അങ്ങുരുളും ഇങ്ങുരുളും അങ്ങാടിലുരുളും

ഉ.കുരുമുളക്.

7.റോഡിലൂടെ ഒരു കരിവണ്ടി ഓടി.

ഉ.പാമ്പ്.

8.ചെത്തനാ ചെത്തി ചെത്തി വീശനാ വീശി വീശി പാണ്ടികുളം നിറഞ്ഞു വന്നു.

ഉ.പശു പുല്ല് തിന്നുന്നു.

9.നടുവടി അടിക്കിണ്ണം മേൽ കുട?

ഉ.ചേന

10.ആകാശതെത്തും തോട്ടി.

ഉ.കണ്ണ്.

11.കുത്തിയിട്ടാൽ മുളക്കില്ല വേലിന്മേൽ പടരുല.

ഉ.പുക.

12.കാളകിടക്കും കയറോട്ടം.

ഉ.മത്തങ്ങ.

13.ഓട്ടം കുതിര ചാട്ടം കുതിര വെള്ളം കണ്ടാൽ നിൽക്കും കുതിര.

ഉ.ചെരുപ്പ്.

14.കുഞ്ഞികിണ്ണത്തിൽ ഞാവൽ പഴ.

ഉ.ചെമ്പോത്തിന്റെ കണ്ണ്.

15.ഈച്ച ഇരിക്കാത്ത മാംസ കഷ്ണം.

ഉ.തീക്കട്ട

16.കുത്തുന്ന കാളക്ക് മൂട്ടില് കയറ്.

ഉ.സൂചി.

17.മുന്നിലും പിന്നിലും നാലാള് വേലിക്ക തപ്പാൻ

ഒരാള് ചൂട്ട് വീശാൻ ഒരാള്.

ഉ.ആന.

18.ആദ്യം കയ്ക്കും പിന്നെ മധുരിക്കും.

ഉ.നെല്ലിക്ക.

19.മുക്കണ്ണൻ ചന്തക്ക പോയി.

ഉ.തേങ്ങ

20.പച്ച തൊട്ടിയിൽ ഉണങ്ങല്ലരി

ഉ.പപ്പായ.

ഹന്നത്ത്.കെ.

അഞ്ച്.സി.

# കടങ്കഥ.

1.അങ്ങെ നായക്ക് മുമ്പോട്ട് വാല്.

ഉ.ചിരവ

2.മുക്കിലിരിക്കുന്ന സുന്ദരിപ്പെണ്ണിന്റെ മൂക്കതിരിച്ചാൽ പാട്ടു കേൾക്കാം.

ഉ.റേഡിയോ.

3.കറുത്ത പാറക്ക് വെളുത്ത വേര്.

ഉ.ആന.

4.വെളുത്ത ആൾക്ക് കറുത്തതലക്കെട്ട്.

ഉ.തീപ്പെട്ടി.

5.കണ്ണോളം വെള്ളമുണ്ട് മുങ്ങികുളിക്കാൻ വെള്ളമില്ല.

ഉ.തേങ്ങവെള്ളം

6.അങ്ങുരുളും ഇങ്ങുരുളും അങ്ങാടിലുരുളും

ഉ.കുരുമുളക്.

7.റോഡിലൂടെ ഒരു കരിവണ്ടി ഓടി.

ഉ.പാമ്പ്.

# കടംകഥകൾ

1.പോകുമ്പോൾ നര വരുമ്പോൾ ചൊറി.

2.പോകുമ്പോൾ കുഴഞ്ഞ് കുഴഞ്ഞ് വരുമ്പോൾകറുമുറു

3.പോകുമ്പോൾ നാലാൾ നാലു നിറം വരുമ്പോൾ ഒരു നിറം

4.മക്കളൊക്കെ വെന്തു ചത്താലും പെറ്റതള്ളയ്ക്കല്ലലില്ല.

5.മണിയടിച്ചാൽ കൂകിവിളിച്ച് പെരുമ്പാമ്പോട്ടം .

6.മണ്ടിപെണ്ണ് കയറിൽ തൂങ്ങി കുണ്ടിലിറങ്ങി.

7.മണ്ണമ്പലത്തിൽ ആശാരി ചെക്കൻ വെളിച്ചപ്പാട്.

8.മണ്ണിനുള്ളിൽ ഉണ്ണായിയും കുട്ട്യോളും.

9.മണ്ണിനുള്ളിൽ പൊന്നമ്മ.

## *ഉത്തരങ്ങൾ*

1.പപ്പടം

2.പപ്പടം

3.മുറുക്കാൻ

4.തീപ്പെട്ടി

5.തീവണ്ടി

6.പാള കിണറ്റിലിടുക

7.തൈര് കടയുക

8.ചേമ്പ്

9.മഞ്ഞൾപൊഴിയുന്ന ഇതളുകൾ

### അറിയില്ലെനിക്കിന്നു ജനനീ

**എത്രനാൾ വാഴും നിൻ മാറിടത്തിൽ**

**വിധിയുടെ നിഷ് ക്രൂരതയെന്നെൻ**

**നിഴലിൽ ചതിച്ചചേരും**

**അറിയില്ലെനിക്കിന്നു കരിനിഴലെ**

**യെന്നു നിയെൻ മുഖസ്ഥായിയായ് വരുമെന്ന്**

**നിശ്ചയം ഒരുന്നാൾ വന്നുഭവിക്കും നീയെന്നിൽ**

**ഉറ്റവരിൽ നിന്നും സന്തോഷയാമങ്ങളിൽ**

**കരിനിഴലായ് നിന്റെയാ**

**ചങ്ങലയെന്നെപ്പിടിക്കും**

**അകലുന്നു മറയുന്നു ആ നിമിഷം**

**ഓർമകളുലയുന്ന ത്രാസ്സിൽ**

**കിടന്നെൻയിടനെഞ്ച് പിടയുന്നു ദൈവമേ**

**അന്നേരം ചിന്തകളായിരമായി**

**കുത്തയൊഴികിയെൽപ്പോ**

**മാതൃത്വമൊരുവശം സഹധർമ്മിണി**

**തേങ്ങികരയുന്ന പിഞ്ചിളം കുഞ്ഞുങ്ങൾ**

സോപാനം

ദുഃഖകടലിൻ മദ്ധ്യേ ഞാൻ

നീറിപ്പുകഞ്ഞവൻ ചൊല്ലുന്നു

മതിയായില്ലീശ്വര ജീവിച്ച

കൊതീർന്നില്ല്യ  മോഹമുള്ളിലവശേഷിപ്പോ

യാത്രയായവനങ്ങു സ്വർഗ്ഗീയതയിലേക്ക്

(കവിത)

ശ്രീലക്ഷ്മി പി സി          ഒൻപത് ബി